കരാറുകാരുടെ കുടിശ്ശിക

309 (1343) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ കുടിശ്ശിക തുക കൊടുത്തു തീർക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) കരാറുകാരിൽ പലരും പ്രവൃത്തികൾ പാതിവഴിയിൽ നിർത്തിവെച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) കരാറുകാർക്ക് കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് ബിൽ ഡിസ്ട്രൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. റോഡുകളും പാലങ്ങളും വിഭാഗത്തിലെ സെപ്റ്റംബർ 2014 വരെയുള്ള ബില്ലുകൾക്കും കെട്ടിടവിഭാഗത്തിലെ ഡിസംബർ 2014 വരെയുള്ള ബില്ലുകൾക്കും ഡിസ്ട്രൗണ്ടിംഗ് സമ്പ്രദായം അനുവദിച്ചിട്ടുണ്ട്. ബിൽ ഡിസ്ട്രൗണ്ട് ചെയ്യുമ്പോൾ കരാറുകാർ വഹിക്കേണ്ടിവരുന്ന പലിശയുടെ 50% സർക്കാർ വഹിക്കുന്നതാണ്.

(ബി) പ്രവൃത്തികൾ പാതിവഴിയിൽ നിർത്തിവച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാൽ മുമ്പ് പുതിയ പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ വിമുഖത കാണിച്ചിരുന്നുവെങ്കിലും ബിൽ ഡിസ്ട്രൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തിയതിനുശേഷം സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട്.

ആറ്റിങ്ങൽ പട്ടണത്തിലെ എൻ.എച്ച്. വീതി കൂട്ടൽ

310 (1344) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാതൃകാപദ്ധതിയായി നടപ്പിലാക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ച ആറ്റിങ്ങൽ പട്ടണത്തിലെ എൻ.എച്ച്. വീതി കൂട്ടൽ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി നീക്കി വച്ചിരിക്കുന്ന തുക എത്രയാണെന്നറിയിക്കുമോ ;

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനം എന്ന് തുടങ്ങുവാനാണ് തീരുമാനിച്ചിട്ടുള്ളത് : വ്യക്തമാക്കാമോ ?

---

† മാറ്റി വച്ച ചോദ്യത്തിന്റെ നമ്പർ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly